# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 112**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

നമ്മുടെ സഭയുടെ എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട, വന്ദ്യ ദിവ്യശ്രീമാന്മാരായ സാജു സി. പാപ്പച്ചൻ, ഡോ. ജോസഫ് ഡാനിയേൽ, മാത്യു കെ. ചാണ്ടി എന്നീ റമ്പാന്മാരെ 2023 ഡിസംബർ മാസം 2 –ാം തീയതി ശനിയാഴ്ച രാവിലെ 7.30 മണിക്ക് തിരുവല്ല എസ്. സി. സെമിനാരി മൈതാനത്ത് സജ്ജമാക്കി കൂദാശ ചെയ്യുന്ന മദ്ബഹായിൽ വച്ച് എപ്പിസ്ക്കോപ്പാമാരായി സ്ഥാനാഭിഷേകം ചെയ്യുന്നതിന് സർവ്വശക്തനായ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് നിശ്ചയിച്ചിരിക്കുന്നു.

ഈ വിശുദ്ധ ശുശ്രൂഷയിൽ ദൈവകൃപ വ്യാപരിക്കുന്നതിനും മേൽപ്പട്ടസ്ഥാനത്തേക്ക് ഉയർത്തപ്പെടുന്ന റമ്പാന്മാർക്ക് സമൃദ്ധിയായി ദൈവാനുഗ്രഹം ലഭിക്കുന്നതിനും ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നവർക്ക് ആവശ്യമായ ആത്മീയ പ്രചോദനം ഉണ്ടാകുന്നതിനും ഏവരും ആത്മാർത്ഥമായി പ്രാർത്ഥിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

സ്ഥാനാഭിഷേക സംബന്ധമായ ആവശ്യങ്ങൾക്കായി ഒരോ ഇടവകയും നിത്യച്ചെലവ് വരിസംഖ്യക്ക് തുല്യമായ തുക സംഭാവനയായി നൽകുന്ന നല്ല പതിവാണല്ലോ നമുക്കുള്ളത്. ആയതിനാൽ നിത്യച്ചെലവ് സംഖ്യയ്ക്ക് തുല്യമായ തുക പ്രസ്തുത ആവശ്യത്തിലേക്ക് സംഭാവനയായി 2023 ഡിസംബർ 15–ാം തീയതിക്കകം സഭാ ആഫീസിൽ ലഭിക്കത്തക്കവണ്ണം അയച്ചുകൊടുക്കേണ്ടതാണ്.

പ്രിയരെ, സഭാംഗങ്ങളുടെ പ്രാർത്ഥനയുടെ ഫലമായ ഈ സ്ഥാനാഭിഷേക ശുശ്രൂഷയിൽ എവരും ഭക്തിയോടും പ്രാർത്ഥനയോടും സംബന്ധിക്കണമെന്ന് താത്പര്യപ്പെടുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2023 നവംബർ 15 –ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 112**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Dearly beloved in Christ,

Trusting in the Lord Almighty, it has been decided that Very Rev. Saju C. Pappachen Ramban, Very Rev. Dr. Joseph Daniel Ramban, and Very Rev. Mathew K. Chandy Ramban, who have been elected to the Episcopal Office of our Church, will be consecrated as Episcopas at the specially consecrated Madbaha at the S. C. Seminary Ground, Thiruvalla, on Saturday, 2nd December 2023, at 7:30 AM.

We exhort everyone to pray sincerely for God's grace to be showered upon this holy service, for the Rambans who are elevated as Episcopas to receive God's blessings in abundance, and for those leading the service to have the necessary spiritual inspiration.

We have a good practice of having each parish contribute an amount equal to the Nityachelavu for the needs of the Episcopal Consecration. Therefore, an amount equal to the Nityachelavu should be sent as a donation towards the said purpose to the Sabha Office by 15th December 2023.

Beloved, it is intended that everyone should participate with devotion and prayer in this Consecration service, which is the result of the prayers of the Church.

Grace be with you all.

Dated 15th November 2023, from Poolatheen, Thiruvalla,

**Dr. Theodosius Mar Thoma Metropolitan.**